(സി) എങ്കിൽ സെക്രട്ടറിമാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരമായി സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കാറില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ചെങ്കള എന്നീ സ്പെഷ്യൽഗ്രേഡ് പഞ്ചായത്തുകളിലും, കുംബടാജെ, കിനാന്നൂർ, കരിന്തളം, ദേലംപാടി, കള്ളാർ എന്നീ പഞ്ചായത്തുകളിലും ഇപ്പോൾ സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) സെക്രട്ടറിമാർ ഇല്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(സി) ഹെഡ്ക്ലാർക്കുമാരിൽനിന്നും പ്രൊമോഷൻ നൽകി ലോവർഗ്രേഡ് സെക്രട്ടറി തസ്തികയിൽ നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുൻപാകെയുള്ള കേസ്സിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്രസ്തുത തസ്തികയിലേക്കുള്ള പ്രമോഷൻ ഉടൻ നടത്താൻ കഴിയാത്തതിനാലാണ് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്താൻ കഴിയാത്തത്. സ്റ്റേ മാറ്റിക്കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വാഴോറമല കുടിവെള്ള പദ്ധതി

91 [T3142] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കോട്ടൂർ പഞ്ചായത്തിലെ വാഴോറമല കുടിവെള്ള പദ്ധതി പ്രവർത്തനം ആരംഭിച്ചത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ധനസമാഹരണം ഏതെല്ലാം ഏജൻസികൾ വഴിയാണെന്നും എത്ര തുകയാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ എത്ര ഗുണഭോക്തൃ കുടുംബങ്ങൾ ഉണ്ട്;

(ഡി) പദ്ധതി കമ്മീഷൻ ചെയ്തതാണോ; ഇല്ലെങ്കിൽ തടസ്സങ്ങൾ എന്താണെന്ന് വെളിപ്പെടുത്താമോ;

(ഇ) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1997-1998 വർഷത്തിൽ.

(ബി) ജില്ലാ പഞ്ചായത്ത് വിഹിതം 10 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 1.59 ലക്ഷം രൂപയും.

(സി) 36 ഗുണഭോക്തൃ കുടുംബങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടായ കാലതാമസം കൊണ്ടാണ് കമ്മീഷൻ ചെയ്യാതിരുന്നത്.

(ഇ) ഇപ്പോൾ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ആയതിനാൽ 2005 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ ഓവർസീയർ ഗ്രേഡ് III-യുടെ ഒഴിവുകൾ നികത്താൻ നടപടി

92 [3143] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഓവർസീയർ ഗ്രേഡ് III-ന്റെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക്ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; നിയമനം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ III-ാം ഗ്രേഡ് ഓവർസീയർമാരുടെ തസ്തിക നിലവിലില്ല. എന്നാൽ സമാനമായ വർക്ക് സൂപ്രണ്ട് ഗ്രേഡ് III-ന്റെ രണ്ട് തസ്തികകളുണ്ട്. ഇവ ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ട്. ആർക്കും നിയമനം നൽകിയിട്ടില്ല. ഗ്രേഡ് III വർക്ക് സൂപ്രണ്ട്/ഓവർസീയർ തസ്തികകൾ സമാനതസ്തികകളാണെന്ന് പി. എസ്. സി.-യുടെ സ്പഷ്ടീകരണം ലഭിച്ചത് 2-2-2005-ലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടിന്റെ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വർക്ക് സൂപ്രണ്ടിന്റെ നിലവിലുള്ള രണ്ട് ഒഴിവിലേക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

93 [3144] ശ്രീ. കോടിയേരി ബാലകൃഷ്ണൻ

,, ടി. കെ. ബാലൻ :

,, കെ. വി. കുഞ്ഞിരാമൻ:

,, പി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly